**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 646** — **28-01-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെയായി മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെയായി മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2373 സംരംഭങ്ങൾ ആരംഭിക്കുകയും 203 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും 4889 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### അനന്തപുരം ഡെവലപ്‌മെന്റ് ഏരിയ/ഡെവലപ്‌മെന്റ് പ്ലോട്ട്

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ച നൽകുകയും കഴിഞ്ഞ 9 വർഷത്തിനുള്ളിൽ സ്ഥലത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 3 കോടി രൂപ ചെലവിൽ ഡി എ, ഡി പി യിൽ അപ്രോച്ച് റോഡ് നിർമാണം, 2.3 കോടി രൂപ ചിലവിൽ ഡി പി യിൽ ചുറ്റുമതിൽ നിർമാണം എന്നിവ ഈ കാലയളവിൽ നടന്നു. ഡി എ യിൽ 7 യൂണിറ്റുകളും ഡി പി യിൽ 38 യൂണിറ്റുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഡി എ യിൽ 43 സംരംഭകർക്കായി 71.75 ഏക്കർ സ്ഥലവും ഡി പി യിൽ 39 സംരംഭകർക്കായി 24.84 ഏക്കർ സ്ഥലവും അനുവദിച്ച് നല്കിയിട്ടുണ്ട്.

### സ്വകാര്യ വ്യവസായ പാർക്ക്

ഈ പദ്ധതി പ്രകാരം M/S FAYA RENEWABLES AND POWER PROJECTS (P) LIMITED, KASARAGOD എന്ന കമ്പനി ബായാർ വില്ലേജിൽ ആരംഭിക്കുന്ന സ്വകാര്യ വ്യവസായ പാർക്കിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും സ്ഥലത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

### പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി എം ഇ ജി പി)

പഴയ ആർഇജിപിയും പിഎംആർവൈ സ്കീമും ലയിപ്പിച്ചുകൊണ്ടുള്ള പിഎംഇജിപി കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം ആണ്. കെവിഐസി, സ്റ്റേറ്റ് / യുടി ഖാദി & വിഐ ബോർഡുകൾ വഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഗ്രാമ നഗര പ്രദേശങ്ങളിലും കെവിഐസി / കെവിഐബി / ഡിഐസി എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ 59 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. 1,21,33,668 രൂപ ഗ്രാന്റ് ആയി നൽകിയിട്ടുണ്ട്.

### സംരംഭക സഹായ പദ്ധതി

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കി വരുന്ന ഏറ്റവും പ്രചാരമുള്ളതും, ആകർഷകവുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉത്പാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവയനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ യൂണിറ്റിന് സബ്സിഡിയായി ലഭിക്കും. ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതിന് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിരിക്കണം എന്ന് നിർബന്ധമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം

മഞ്ചേശ്വരം മണ്ഡലത്തിൽ 18 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. 1,44,44,401 രൂപ സഹായധനം ആയി നൽകിയിട്ടുണ്ട്.

**നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന ഒരു വായ്പാ ബന്ധിത പദ്ധതിയാണ് നാനോയൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിലും, ജോബ് വർക്ക് മേഖലയിലും മൂല്യ വർദ്ധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ 10 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. 31,79,942 രൂപ ഗ്രാന്റ് ആയി നൽകിയിട്ടുണ്ട്.

**എം എസ് എം ഇ സ്കെയിൽ അപ് മിഷൻ (മിഷൻ 1000)**

കേരളത്തിലെ എംഎസ്എംഇ കളിൽ നിന്നും തിരഞ്ഞെടുത്ത 1000 എംഎസ്എംഇ കളെ 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ട് വരാനുള്ള പദ്ധതി. നിലവിൽ മഞ്ചേശ്വരം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന 5 സംരംഭങ്ങൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**എം എസ് എം ഇ ഇൻഷുറൻസ് പദ്ധതി**

സംസ്ഥാനത്തെ വ്യവസായങ്ങൾ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ 18 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം/ഉൽപ്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്. സംരംഭ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുള്ള പ്രത്യേക പദ്ധതി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ 88 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. 77,769 രൂപ സഹായധനം ആയി നൽകിയിട്ടുണ്ട്.

**<u>പി.എം.എഫ്.എം.ഇ പദ്ധതി</u>**

മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, ഈ സംരംഭങ്ങളുടെ നവീകരണത്തിനും പിന്തുണ നൽകുന്നതിനുള്ള ഫുഡ് പ്രോസസിങ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് Formalization of Micro Food Processing Enterprises. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഞ്ചേശ്വരം മണ്ഡലത്തിൽ 10 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. 1,00,00,000 രൂപ സഹായധനം ആയി നൽകിയിട്ടുണ്ട്.

**<u>Interns, Enterpreneur Development Executive (EDE), Business Development Service Provider(BDSP)</u>**

പഞ്ചായത്ത് തലത്തിൽ വ്യവസായ വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2022 മുതൽ തുടക്കത്തിൽ Interns, ശേഷം Enterpreneur Development Executive (EDE), നിലവിൽ Business Development Service Provider (BDSP) എന്നീ പേരുകളിൽ ഉദ്യോഗസ്ഥരുടെ സേവനം നല്കിയിരുന്നു. മഞ്ചേശ്വരം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഈ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്.

സെക്ഷൻ ഓഫീസർ